**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3485 — 22.08.2017-ൽ മറുപടിയ്ക്ക്

**രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ<br>,, ഹൈബി ഈഡൻ<br>,, വി.ടി.ബൽറാം** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (എ) | 29/05/2017 ലെ സ.ഉ (സാധാ)നം. 1515/2017/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയും, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും ചേർന്ന് മൾട്ടിഡിസിപ്ലിനറി ക്ലിനിക്കൽ ലബോറട്ടറി & റിസർച്ച് ഫെസിലിറ്റി ആരംഭിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പഴയ ഹൗസ് സർജന്റ്സ് ക്വാർട്ടേഴ്സിലെ മുറികൾ അനുവദിച്ച് ഉത്തരവായിരുന്നു. മറ്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതു വഴി ലാബ് പരിശോധനകളുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയാനാവും എന്ന് കരുതുന്നുണ്ടോ; | (ബി) | ഇതുവഴി കൂടുതൽ ശാസ്ത്രീയ വിശകലനം നടത്തി ആധികാരികമായ റിപ്പോർട്ട് ലഭ്യമാക്കാൻ കഴിയുന്നതാണ്. |
| (സി) | എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ഭാഗമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കുപരിയായി വ്യാവസായിക അടിസ്ഥാനത്തിൽ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുക എന്നതിലുപരി നിലവിലുള്ള സർക്കാർ സംവിധാനം കൂടുതൽ ആധുനികവും കുറ്റമറ്റതും സേവനോൽമുഖവുമാക്കുക എന്നതാണ് സർക്കാർ നയം. എന്നിരുന്നാലും സ്ഥലവും സൗകര്യവും സാമ്പിൾ പരിശോധനകൾ കൂടുതലായി നടത്താൻ ആവശ്യമുള്ളതുമായ ആശുപത്രികളിൽ ഇത്തരം സംവിധനങ്ങൾ ഉണ്ടാകുന്നതിനോട് സർക്കാരിന് എതിർപ്പില്ല. |

**സെക്ഷൻ ഓഫീസർ**